# കേരള സർക്കാർ
# കൃഷി വകുപ്പ്
# ലഘുദർഘാസ് പരസ്യം

**നം. ഇഇ(2) 462/2012.** **തീയതി, 26.11.2012**

കേരള ഗവർണ്ണർക്കു വേണ്ടി ആലപ്പുഴ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ കുട്ടനാട് പാടശേഖരങ്ങൾക്കായി താഴെ പറയുന്ന കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ള മെഷീനറി നിർമ്മാതാക്കൾ/അംഗീകൃത ഡീലർമാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്ര വച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | സാധനസാമഗ്രികളുടെ പേര് | എണ്ണം | ദർഘാസ് ഫോറം വില |
|---|---|---|---|
| 01 | 50 എച്ച്.പി. വെർട്ടിക്കൽ ആക്സ്യൽ ഫ്ളോ പ്രൊപ്പല്ലർ പമ്പ് . ഡിസ്ചാർജ് കുറഞ്ഞത് 600 എൽ.പി.എസ്. (വിശദമായ സാങ്കേതിക വിവരണത്തിന് അനുസൃതം) | 3 എണ്ണം | 6800 + വാറ്റ് |

നിരതദ്രവ്യം - രേഖപ്പെടുത്തുന്ന തുകയുടെ 1 %

കവറിന്റെ പുറത്ത് "കുട്ടനാട് പാക്കേജ്, കാർഷിക ഉപകരണങ്ങളുടെ വിതരണം" എന്ന് എഴുതിയിരിക്കേണ്ട താണ്. സാങ്കേതിക ദർഘാസുകൾ, സാമ്പത്തിക ദർഘാസുകൾ എന്നിവ പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ 31.12.2012 ന് ഉച്ചയ്ക്ക് 12 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും, സാങ്കേതിക ദർഘാസുകൾ അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് ഹാജരുള്ള നിർമ്മാതാക്കൾ/അംഗീകൃത ഡീലർമാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. സാമ്പത്തിക ദർഘാസുകൾ തുറക്കുന്ന തീയതി അന്നേ ദിവസം അറിയിക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായാൽ അടുത്ത പ്രവൃത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

ദർഘാസ് പ്രമാണം സ്പെസിഫിക്കേഷൻ ഉൾപ്പെടെ ആലപ്പുഴ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും 17.12..2012 മുതൽ 29.12..2012 വരെ ഓഫീസ് സമയത്ത് ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത തുക വിൽപ്പന നികുതി അടക്കം ഈ ഓഫീസിൽ അടച്ച രസീത് വാങ്ങേണ്ട തുമാണ്. ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് വിൽപ്പന നികുതി അടക്കം പ്രത്യേക വില അടക്കേണ്ടതാണ്. ദർഘാസ് പത്രിക കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആലപ്പുഴ എന്ന പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരത ദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ട താണ്. നിശ്ചിത തുകയുടെ നിരതദ്രവ്യമില്ലാത്തതും താമ

സിച്ച് ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസിനോടൊപ്പം നിശ്ചിത ഫോറത്തിൽ 100 രൂപയുടെ മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ഈ ഓഫീസിൽ നിന്നും വിതരണ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം 100 രൂപയുടെ മുദ്രപത്രത്തിൽ ആവശ്യമായ എഗ്രിമെന്റ് സമർപ്പിക്കേണ്ട താണ്. സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസിനെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. യാതൊരു കാരണവും കൂടാതെ ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്.

കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ
ആലപ്പുഴ

കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
തെക്കൻ മേഖല, സനാതനപുരം,കളർകോട്, ആലപ്പുഴ-3.

പകർപ്പ്:
1. നോട്ടീസ് ബോർഡ് , കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ
2. നോട്ടീസ് ബോർഡ്, കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ,പത്തനംതിട്ട, കോട്ടയം
3. നോട്ടീസ് ബോർഡ്, കൃഷി ഡയറക്ടറേറ്റ്,തിരുവനന്തപുരം
4. നോട്ടീസ് ബോർഡ്, കുട്ടനാട് പാക്കേജ് ഓഫീസ്, മങ്കൊമ്പ്.
5. ഐ.ടി.സെൽ, കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം.